# പതിനാലാം കേരളനിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1998** — **06.02.2019-ൽ മറുപടിക്ക്**

## സി.പി.ഐ (എം) പ്രവർത്തകരെ ആക്രമിച്ച കേസ്

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) കാസർഗോഡ് ജില്ലയിലെ കല്യോട്ട് സി.പി.ഐ (എം) പ്രവർത്തകരെ അക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(ബി) ഇതു സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് എടുത്തിട്ടുള്ളത്; ആരൊക്കെയാണ് പ്രതികൾ; പ്രതികളെ എല്ലാം അറസ്ററ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 20/19 u/s 143,147,148,324,326,307,427 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഈ കേസിൽ താഴെ പറയുന്ന 10 പ്രതികൾ ഉണ്ട്. ഇതിൽ ആദ്യത്തെ 7 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.<br>1. ശരത് ലാൽ S/o നാരായണൻ<br>2. മഹേഷ് S/o ഭാസ്കരൻ<br>3. അന്യപ് എം.കെ S/o നാരായണൻ<br>4. വിവേക് S/o ചന്ദ്രൻ<br>5. ശ്രീരാജ് S/o കുമാരൻ<br>6. ശ്രീകുമാർ S/o കൃഷ്ണൻ<br>7. ജനാർദ്ദനൻ S/o തമ്പായി<br>8. പ്രശാന്ത് നമ്പ്യാർ<br>9. കൃപേഷ്<br>10. നിബിൻ കുമാർ S/o നളിനി<br>ഇതിൽ കൃപേഷ്, നിബിൻ എന്നീ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചു വരികയാണ്. |

| | |
|---|---|
| (സി) ഈ കേസ്സിലെ പ്രതികൾ മറ്റേതെങ്കിലും കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (സി) ഉൾപ്പെട്ടിട്ടുണ്ട്. ടി കേസിലെ പ്രതികളിൽ ജനാർദ്ദനൻ,ശരത് ലാൽ, കൃപേഷ്, എന്നിവർ ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 22/19 u/s 143,147,148,447,427, r/w 149 IPC കേസിൽ ഉൾപ്പെട്ട പ്രതികളാണ്. കൂടാതെ നിബിൻ കുമാർ S/o നളിനി എന്നയാൾ കുറ്റപത്രം സമർപ്പിച്ച ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 477/18 u/s 341,323,324, r/w 34 IPC കേസിലെ പ്രതിയാണ്. |
| (ഡി) ഈ കേസ്സിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) ഈ കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. ശേഷിക്കുന്ന പ്രതികളെ ഉടനടി അറസ്റ്റ് ചെയ്ത് ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**